ദീപിക
THE FIRST MALAYALAM DAILY ESTD 1887

Sep 10, 2016

# കടലിൽ സ്രാവും തിരണ്ടിയും കുറയുന്നു

**കൊച്ചി:** സ്രാവ്, തിരണ്ടി മത്സ്യങ്ങൾ കടലിൽ ഗണ്യമായി കുറഞ്ഞുവരുന്നതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനറിപ്പോർട്ട്. 2012ൽ 40 ടൺ തിരണ്ടി ലഭിച്ചപ്പോൾ 2015ൽ അത് അഞ്ച് ടണ്ണായി ചുരുങ്ങി. സ്രാവിന്റെ ലഭ്യതയിലും ഈരീതിയിൽ കുറവുണ്ടായി. കുഞ്ഞുമത്സ്യങ്ങളെ വൻതോതിൽ പിടിക്കുന്നതു വഴിയാണ് ഈവിധം സംഭവിക്കുന്നതെന്നു റിപ്പോർട്ടിൽ പറയുന്നു.

വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതാണു സ്രാവും തിരണ്ടിയും. മത്സ്യത്തൊഴിലാളികളും ശാസ്ത്രസമൂഹവും സഹകരിച്ചു പ്രവർത്തിച്ചാൽ മാത്രമേ മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗം സാധ്യമാകൂവെന്നു സിഎംഎഫ്ആർഐ കൊച്ചിയിൽ സംഘടിപ്പിച്ച ചർച്ചയിൽ അധികൃതർ വ്യക്തമാക്കി. മത്സ്യത്തൊഴിലാളികളുടെയും വിപണനകയറ്റുമതി മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായിരുന്നു മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, കയറ്റുമതിക്കാർ, ശാസ്ത്രജ്ഞർ എന്നിവരുടെ ചർച്ച സംഘടിപ്പിച്ചത്.





സ്രാവ്, തിരണ്ടി കുഞ്ഞുങ്ങളെ പിടിക്കുന്നതു തടയുന്നതിനു സംയുക്തശ്രമം വേണമെന്നു മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നതു തടയുന്നതിനോടു മത്സ്യത്തൊഴിലാളികൾക്കു പൂർണയോജിപ്പാണുള്ളതെന്നും ഇതിനായി ശാസ്ത്രസമൂഹവുമായി ചേർന്നു പ്രവർത്തിക്കാൻ തയാറാണെന്നും പ്രതിനിധികൾ വ്യക്തമാക്കി. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനരീതികളിൽനിന്നു വിട്ടുനിൽക്കുന്നതിനു മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

സിഎംഎഫ്ആർഐ ഡെമേഴ്സൽ ഫിഷറീസ് ഡിവിഷൻ തലവൻ ഡോ. പി.യു. സക്കറിയ, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ. രേഖ ജെ. നായർ എന്നിവർ മത്സ്യത്തൊഴിലാളികളുടെ സംശയങ്ങൾക്കു മറുപടി പറഞ്ഞു. ഡോ. ആർ. നാരായണകുമാർ ആമുഖപ്രഭാഷണം നടത്തി.

മത്സ്യത്തൊഴിലാളി പ്രതിനിധികൾക്കു പുറമെ, വിപണനം, കയറ്റുമതി രംഗത്തുള്ളവരുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. വൈൽഡ് ലൈഫ് കൺട്രോൾ ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ എ. മാധിവനൻ, ഡോ. ടി.എം. നജിമുദ്ദീൻ എന്നിവർ പ്രസംഗിച്ചു. വിവിധ ഡിവിഷൻ മേധാവികളും ചർച്ചയിൽ പങ്കാളികളായി.